**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1472** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഭാഷ അധ്യാപക യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഡിപ്ലോമ ഇൻ എലമെന്ററി എജ്യൂക്കേഷൻ (ജനറൽ) കോഴ്സും ഭാഷ അധ്യാപക യോഗ്യതയായ ഡിപ്ലോമ ഇൻ എലമെന്ററി എജ്യൂക്കേഷൻ (അറബിക്) കോഴ്സും തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളാണുള്ളതെന്നും ജനറൽ കോഴ്സിലെ എല്ലാ വിഷയങ്ങളും പഠനപ്രവർത്തനങ്ങളും അറബിക് കോഴ്സിനുമുണ്ടോ എന്നും വ്യക്തമാക്കാമോ; | (എ) | എൻ.സി.റ്റി.ഇ. ലിസ്റ്റ് ചെയ്യപ്പെട്ട കോഴ്സുകളിൽ ഒന്നാണ് ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ. ഭാഷാ വിഷയങ്ങൾക്കായി പ്രത്യേക കോഴ്സ് എൻ സി റ്റി ഇ നിർദ്ദേശിക്കുന്നില്ല. കേരളത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ ഭാഷാ അധ്യാപകർക്ക് അധ്യാപക പരിശീലന കോഴ്സ് ആവശ്യമുണ്ട്. അതുകൊണ്ടാണ് എൻ.സി.റ്റി. ഇ ലിസ്റ്റ് ചെയ്തിട്ടുള്ള ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ എന്ന് നാമകരണം ചെയ്തുകൊണ്ട് ഭാഷാ അധ്യാപകർക്കായി ഒരു കോഴ്സ് ആരംഭിച്ചത്. ജനറൽ ഡി എൽ എഡി ന്റെ അതേ വിഷയങ്ങൾ എല്ലാം തന്നെ പഠിപ്പിക്കപ്പെട്ടുമ്പോഴാണ് എൻ. സി .ടി. ഇ യുടെ കോഴ്സിന് തുല്യമാകുന്നത്. അതിനാൽ ജനറൽ വിഷയങ്ങളിലേതുപോലെ എല്ലാ വിഷയങ്ങളും പഠിക്കേണ്ടതുണ്ട്. എന്നാൽ ഭാഷാ അധ്യാപകരാകേണ്ടവർ എന്ന നിലയിൽ ഭാഷകൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുണ്ട്. ജനറൽ വിഷയങ്ങളേക്കാൾ കൂടുതൽ ഭാഷയുടെ പേപ്പറുകൾ പഠിക്കേണ്ടതുമുണ്ട്. ഭാഷാ വിഷയങ്ങളുടെ മാർക്കിൽ കൂടുതൽ വെയിറ്റേജ് നൽകിക്കൊണ്ട് മറ്റുള്ള വിഷയങ്ങളുടെ മാർക്കിൽ കുറവ് വരുത്തിയിട്ടുണ്ട്. ഇതാണ് പ്രധാനമായും ജനറൽ ഡി.എൽ.എഡും, ഭാഷാ ഡി.എൽ.എഡും തമ്മിലുള്ള വ്യത്യാസം. |
| (ബി) | ഡിപ്ലോമ ഇൻ എലമെന്ററി എജ്യൂക്കേഷൻ (അറബിക്) കോഴ്സ് പാസ്സായ ഒരദ്ധ്യാപകന് ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തൊക്കെയാണ്; അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഡിപ്ലോമ ഇൻ എലമെന്ററി എജ്യൂക്കേഷൻ (അറബിക്) കോഴ്സ് ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യതയാക്കി, കേരള വിദ്യാഭ്യാസ ചട്ടത്തിൽ, ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ